# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.634 09/02/2016 മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യവസായ സംരംഭകർക്ക് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക വർഗ്ഗവിഭാഗങ്ങളിലെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത വിഭാഗത്തിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നല്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് എത്ര വ്യവസായ സംരംഭ കർക്ക് ധനസഹായം നല്കിയെന്നും ആയത് ആർക്കൊക്കെയാണ് നല്കിയത് എന്നുമുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യ മാക്കുമോ? | (എ) | പട്ടിക വർഗ്ഗവിഭാഗങ്ങളിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നല്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തുവാൻ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയത് വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും 2014-15-ലെ '2225-02-277-42 പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനു മുള്ള സഹായം', എന്ന ശീർഷകത്തിൽ സംരഭകത്വ വികസനത്തിനും തുക അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗുജറാത്തിലെ IRMA എന്ന സ്ഥാപനത്തിൽ നിന്നും 3 വിദഗ്ധരെ നിയമിക്കുകയും അവർ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് സംബന്ധിച്ച് നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഇടുക്കി, പാലക്കാട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ സന്ദർശനം നടത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നത്. ടി പ്രവർത്തകരെ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു. കൂടാതെ ടി ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ വിനിയോഗിച്ച് ചുവടെ ചേർത്തിരിക്കുന്ന നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിയിരുന്നു.<br><br>1) നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 2014-15-ൽ 300 പട്ടികവർഗ്ഗ യുവതീ യുവാക്കാൾക്ക് വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | അംഗീകരിച്ചു. നാളിതുവരെ പരിശീലനം തുടർന്നു വരുന്ന 203 വിദ്യാർത്ഥികൾക്ക് 588.82 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും (ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) തെരഞ്ഞെടുത്തു. ടി വിദ്യാർത്ഥികളിൽ 332 വിദ്യർത്ഥികൾ പരിശീലനം തുടർന്നു വരുന്നു.<br><br>2) 2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷം രൂപ വിവിധ കോഴ്സുകൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, കോവളത്തിന് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ